LIBRARY ARCHIVES Kerala Legislative Assembly

**കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ്**

3 (964) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി വകുപ്പിൽ പുതുതായി രൂപം നൽകിയ കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗിന്റെ പരിശോധനയിൽ നാളിതുവരെ എത്രകോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടുപിടിച്ചിട്ടുണ്ട്;

(ബി) ലോട്ടറിവിൽപ്പനക്കാരിൽ നിന്ന് എത്ര കോടി രൂപയുടെ വെട്ടിപ്പാണ് ഈ കാലയളവിൽ പിടിക്കപ്പെട്ടിട്ടുള്ളത്;

(സി) നികുതിവെട്ടിപ്പ് നടത്തുന്നവരിൽ നിന്ന് നികുതിയിനത്തിൽ ലഭിക്കുവാനുള്ള തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ്, രഹസ്യമായി വിവരങ്ങൾ ശേഖരിക്കുകയാണ് ചെയ്യുന്നത്. നാളിതുവരെ 546 കോടി രൂപയുടെ നികുതി ചോർച്ച സംബന്ധിച്ചുള്ള പ്രാഥമിക വിവരം, വകുപ്പിലെ മറ്റു വിഭാഗങ്ങൾക്ക് മേൽനടപടികൾക്കായി നൽകിയിട്ടുണ്ട്.

(ബി) കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ്, ഈ രംഗത്ത് 430 കോടി രൂപയുടെ നികുതി ചോർച്ച സംബന്ധിച്ചുള്ള പ്രാഥമിക വിവരം മേൽനടപടികൾക്കായി നൽകിയിട്ടുണ്ട്.

(സി) നികുതിവെട്ടിപ്പ് നടത്തുന്നവരിൽ നിന്ന് നികുതിയിനത്തിൽ ലഭിക്കുവാനുള്ള തുകയും വിൽപ്പന നികുതി നിയമപ്രകാരം ചുമത്തുന്ന പിഴയും കുടിശ്ശിക നികുതിയും പലിശയും പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമപരമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

**കടയ്ക്കലിൽ സെയിൽസ് ടാക്സ് ഓഫീസ് തുടങ്ങാൻ നടപടി**

4 (965) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ വ്യാപാരികൾ സെയിൽസ് ടാക്സ് സംബന്ധമായ കാര്യങ്ങൾക്ക് അഞ്ചൽ, കൊട്ടാരക്കര ഓഫീസുകളെയാണ് ആശ്രയിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ കടയ്ക്കൽ ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകുന്ന സാഹചര്യത്തിൽ അഞ്ചൽ സെയിൽസ് ടാക്സ് ഓഫീസ് വിഭജിച്ച് കടയ്ക്കലിൽ ഒരു സെയിൽസ് ടാക്സ് ഓഫീസ് തുടങ്ങണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പുനഃപരിശോധന നടത്തുമോ?